(3) ന്യൂനപക്ഷ/പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകൾ

ന്യൂനപക്ഷ/പിന്നോക്ക വിഭാഗ മാനേജ്മെന്റുകൾ നടത്തുന്ന എയിഡഡ് സ്കൂളുകളിൽ ഓപ്പൺ മെറിറ്റ് വിഭാഗത്തിൽ 40 ശതമാനവും, മാനേജ്മെന്റ് കാറ്റഗറിയിൽ 40 ശതമാനവും, പട്ടികജാതി വിഭാഗക്കാർക്ക് 12 ശതമാനവും, പട്ടികവർഗ്ഗക്കാർക്ക് 8 ശതമാനവും സീറ്റുകൾ നീക്കിവച്ചിട്ടുണ്ട്.

കൂടാതെ ഓപ്പൺ മെറിറ്റിൽ നിന്ന് 5 ശതമാനം സീറ്റുകൾ സ്പോർട്സിൽ മികവ് കാട്ടിയവർക്കും 3 ശതമാനം സീറ്റുകൾ ശാരീരിക വൈകല്യമുള്ളവർക്കും നീക്കിവച്ചിട്ടുണ്ട്. ശാരീരിക വൈകല്യമുള്ളവർക്കായി നീക്കിവച്ചിട്ടുള്ള മൂന്നു ശതമാനം സീറ്റുകളിൽ ഒരു ശതമാനം അന്ധവിദ്യാർത്ഥികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) അഡ്മിഷൻ സംബന്ധിച്ച് വരുത്തിവരുന്ന ചൊതുവായ നടപടിക്രമങ്ങളിൽ അപാകതകൾ ബോദ്ധ്യപ്പെടുന്നപക്ഷം പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി.

119 [5099] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കണമെന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ടോ;

(ബി) ഹൈക്കോടതി വിധി സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത എസ്.എൽ.പി.-യുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വർഷം എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾക്കാണ് അനുമതി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നത്; എങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ്;

(ഇ) സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുള്ള സ്ഥിതിക്ക് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടി കോടതി അവക്ഷ്യമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഹൈക്കോടതി വിധി നടപ്പാക്കാത്തതിനെതിരെ ഫയൽ ചെയ്ത കോടതി അവക്ഷ്യ കേസ്സിൽ സുപ്രീം കോടതി സ്റ്റേ നൽകിയിട്ടുണ്ട്.

(സി) എസ്.എൽ. പി. സുപ്രീം കോടതിയിൽ നിലനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാല് സ്കൂളുകൾക്ക് ഹയർ സെക്കണ്ടറി അനുവദിച്ച് ഉത്തരവായിട്ടുണ്ട്:

(1) എം.ടി.എം.എച്ച്.എസ്., പാനായിക്കുളം

(2) എച്ച്.എസ്., ഇത്തിത്താനം

(3) എച്ച്.എസ്., കാട്ടാക്കട

(4) ജവഹർ എച്ച്.എസ്. ആയൂർ

മറ്റ് സ്കൂളുകളുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ഇ) കോടതി അവക്ഷ്യമാണെന്ന് കരുതുന്നില്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് ഹൈസ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ

120 [5101] ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്:
" മാത്യു മത്തായി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് ഹൈസ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കൂടുതലായി ഈ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) 247 ഗവൺമെന്റ് സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ കൂടുതൽ കോഴ്സുകൾ തുടങ്ങണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ തയ്യാറാക്കുന്നതാണ്.

ഹയർസെക്കണ്ടറി സ്കൂൾ തലത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി

121 [5102] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ:

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഹയർ സെക്കണ്ടറിയിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(നക്ഷത്രചിഹ്നമിടാതെ ചോദ്യം നമ്പർ 5101-ന്റെ ഉത്തരം ഏഡിറ്റിംഗ് പ്രോഗ്രാമിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly